"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വിസ് - ജീവനക്കാര്യം - തദ്ദേശസ്വയംഭരണപൊതുസർവ്വീസിലെ പൊതുസ്ഥലംമാറ്റ ഉത്തരവിനെതിരായി സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലെ ജീവനക്കാരായ ശ്രീമതി സുജ.വി.എസ്., ശ്രീമതി ഷീല ഫ്ലവർ.റ്റി.എം., ശ്രീ.ഷാജൻ എസ് എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷകൾ - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

സ.ഉ.(സാധാ) നം.2162/2023/LSGD തീയതി,തിരുവനന്തപുരം, 03-11-2023

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 തീയതിയിലെ LSGD/PD/1224/2023-DED1 നമ്പർ ഉത്തരവ്.
2. ശ്രീമതി. സുജ.വി.എസ്., സർക്കാരിൽ സമർപ്പിച്ച 17.08.2023 തീയതിയിലെ അപ്പീൽ അപേക്ഷ
3. ശ്രീമതി ഷീല ഫ്ലവർ.റ്റി.എം സർക്കാരിൽ സമർപ്പിച്ച 06.07.2023 തീയതിയിലെ അപ്പീൽ അപേക്ഷ
4. ശ്രീ.ഷാജൻ എസ്സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ
5. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 11.10.2023 തീയതിയിലെ LSGD/PD/48363/2023-DEB5 നമ്പർ കത്ത്.

### ഉത്തരവ്

തദ്ദേശസ്വയംഭരണ പൊതു സർവീസിലെ പരാമർശം 1 സ്ഥലംമാറ്റ ഉത്തരവിനെതിരായി സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലെ ജീവനക്കാരായ ശ്രീമതി സുജ.വി.എസ്., ശ്രീമതി ഷീല ഫ്ലവർ.റ്റി.എം., ശ്രീ.ഷാജൻ എസ് എന്നിവർ പരാമർശം 2,3,4 പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2. കോട്ടയം നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ആയി സേവനം അനുഷ്ഠിച്ച് വരുന്ന ശ്രീമതി. സുജ എസ്.വി. യുടെ അപേക്ഷ പ്രകാരം ടിയാൾ 12 വയസ്സ് മുതൽ ഹൃദ്രോഗത്തിന് ചികിത്സയിലാണ് എന്നും നിലവിലും treatment ൽ ആണ് എന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളാണ് എന്നും അറിയിക്കുന്നു. മാനസിക രോഗിയായ മാതാവ്, പത്താം ക്ലാസിലും എട്ടാം ക്ലാസിലും പഠിക്കുന്ന രണ്ട് മക്കൾ എന്നിവർ തന്റെ സംരക്ഷണയിലാണ് എന്നും ഭർത്താവുമായി വേർപിരിഞ്ഞാണ് താമസിച്ച് വരുന്നത് എന്നും പൊതുസ്ഥലംമാറ്റ സമയത്ത് മേൽ വിഷയങ്ങൾ കാണിച്ച് അപ്പീൽ നൽകിയെങ്കിലും പരിഗണിച്ചിട്ടില്ലായെന്നും ജൂനിയർമാരായ ശ്രീ.ശങ്കർമണി.കെ, ശ്രീമതി.ഷൈനി പ്രസാദ്.ആർ എന്നിവരെ തിരുവനന്തപുരത്ത് നിയമിക്കുകയും ചെയ്തതായും താമസിക്കുന്ന ദിവസവും പൂവ്വാറിൽ നിന്നും കോട്ടയം വരെ പോയി വരുന്നതിന് ബുദ്ധിമുട്ടായതിനാൽ തന്റെ ദയനീയ

അവസ്ഥ മനസ്സിലാക്കി തിരുവനന്തപുരത്ത് തന്നെ നിയമിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

3. പ്രസ്തുത അപേക്ഷയിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം നഗരസഭയിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി സുജ.വി.എസിനെ അർബൻ ഡയറക്ടറുടെ 01.02.2023 തീയതിയിലെ ഉത്തരവ് പ്രകാരം സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി നെയ്യാറ്റിൻകര നഗരസഭയിലേക്ക് നിയമിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ തന്നെ ടി ഉദ്യോഗക്കയറ്റ നിയമനം പൊതുസ്ഥലമാറ്റത്തിന് വിധേയമായി പുനപരിശോധിക്കുമെന്ന് വ്യക്തമാക്കിയിരുന്നതാണ്. Online വഴിയുള്ള 2023 ലെ പൊതുസ്ഥലംമാറ്റത്തിൽ ശ്രീമതി സുജ എസ് വി തിരുവനന്തപുരം നഗരസഭയിലേക്ക് അപേക്ഷിച്ചിരുന്നു. പൊതുസ്ഥലംമാറ്റ പരിഗണനക്കായി ടിയാൾക്ക് 59 ദിവസത്തെ Out station seniority/station seniority മാത്രമാണ് ഉള്ളത്. ഒരേ സ്റ്റേഷൻ സീനിയോറിറ്റി ഉണ്ടെങ്കിൽ നിലവിലെ തസ്തികയിലെ സീനിയോറിറ്റി നമ്പരും, നിലവിലെ തസ്തികയിൽ സീനിയോറിറ്റി ലിസ്റ്റ് ഇല്ലെങ്കിൽ ഫീഡർ തസ്തികയിലെ സീനിയോറിറ്റിയുമാണ് പൊതുസ്ഥലംമാറ്റത്തിന് പരിഗണിക്കുന്നത്. ശ്രീമതി.സുജ.എസ്.വിയുടെ ഇംകുമ്പെൻസി പരിശോധിച്ചതിൽ ടിയാൾക്ക് ഫീഡർ തസ്തികയിലെ സീനിയോറിറ്റി നമ്പർ ഉൾപ്പെടെയുള്ള വിവരം രേഖപ്പെടുത്തിയിരുന്നില്ല. പൂർണ്ണമായും online വഴിയുള്ള ട്രാൻസ്ഫറായതിനാൽ online വഴി പൂർണ്ണമായ വിവരങ്ങൾ നൽകാതിരുന്നതിനാലാണ് ടിയാളെ തിരുവനന്തപുരം ജില്ലയിലേക്ക് പരിഗണിക്കാതെയിരുന്നത് എന്ന് അറിയിച്ചിരുന്നു.

4. കൂടാതെ പരാതിയിൽ പരാമർശിച്ചിട്ടുള്ള ഷൈനി പ്രസാദിന്റെ അപേക്ഷ പരിശോധിച്ചതിൽ തിരുവനന്തപുരം നഗരസഭയിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി ഷൈനി പ്രസാദിനെ അർബൻ ഡയറക്ടറുടെ 01.02.2023 തീയതിയിലെ ഉത്തരവ് പ്രകാരം സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി കൊല്ലം കോർപ്പറേഷനിലേക്ക് നിയമിച്ചിരുന്നതായും ഷൈനി പ്രസാദ് അപേക്ഷ സമർപ്പിച്ചിരുന്നില്ലായെങ്കിലും കൊല്ലം കോർപ്പറേഷനിലേക്ക് അർഹരായ അപേക്ഷകരുടെ ഓപ്ഷനുകൾ ഉണ്ടായിരുന്നതാണ്. ജൂനിയർ കംപൽസറിയായിരുന്ന ടിയാൾക്ക് കൊല്ലം കോർപ്പറേഷനിൽ നിന്നും സ്ഥലംമാറ്റം ജൂനിയർ കംപൽസറിയായി ലഭിക്കേണ്ടതാണ്. എന്നാൽ തിരുവനന്തപുരം കോർപ്പറേഷനിൽ അപേക്ഷകൾ നിലനിൽക്കെ ജൂനിയർ കംപൽസറിയായി ഓൺലൈൻ സ്ഥലം മാറ്റത്തിൽ തിരുവനന്തപുരം കോർപ്പറേഷനിലേക്കാണ് സ്ഥലം മാറ്റം ലഭിച്ചിരിക്കുന്നത് ഇക്കാര്യത്തിൽ ഐ.കെ.എമ്മിൽ നിന്ന് കൂടി അഭിപ്രായം ആരാഞ്ഞ് തുടർ നടപടികൽ സ്വീകരിക്കാവുന്നതാണ് എന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. തിരുവനന്തപുരം നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ആയി സേവനം അനുഷ്ഠിച്ച് വരുന്ന ശ്രീമതി. ഷീല ഫ്ലവർ.റ്റി.എം.ന്റെ അപേക്ഷ പ്രകാരം പൊതുസ്ഥലം മാറ്റത്തിനായി തിരുവനന്തപുരം ഹോം സ്റ്റേഷനായും, ആറ്റിങ്ങൽ, നെയ്യാറ്റിൻകര, നെടുമങ്ങാട്, കൊല്ലം എന്നീ സ്ഥലങ്ങളാണ് അപേക്ഷിച്ചിരുന്നത് എന്നും എന്നാൽ ടി സ്ഥലങ്ങൾ ഒന്നും തന്നെ പരിഗണിക്കാതെയാണ് തന്നെ കോഴിക്കോട് മുക്കം മുനിസിപ്പാലിറ്റിയിൽ സ്ഥലം മാറ്റിയിട്ടുള്ളത് എന്നും താൻ തിരുവനന്തപുരം ജില്ലയിലെ കേശവദാസപുരം എന്ന സ്ഥലത്ത് സ്ഥിര താമസക്കാരിയാണ് എന്നും സ്കൂളിൽ പഠിക്കുന്ന രണ്ടു കുട്ടികളും വൃദ്ധയും രോഗിയുമായ ഭർത്തൃമാതാവും എന്റെ സംരക്ഷണയിലാണ് കഴിയുന്നത്

എന്നും അവരുടെ കാര്യങ്ങൾ നോക്കാൻ വേറെയാരും ഇല്ലായെന്നും അറിയിക്കുന്നു. വെറും രണ്ടു മാസം മാത്രമാണ് ഹോം സ്റ്റേഷനായ തിരുവനന്തപുരത്ത് കോർപ്പറേഷൻ പരിധിയിൽ ജോലി നോക്കിയത് എന്നും ഭർത്താവ് ഹോസ്പിറ്റലിലാണ് ജോലി ചെയ്യുന്നത് എന്നതിനാൽ രാത്രിയിലും ജോലിക്ക് പോകേണ്ടി വരുന്നതിനാൽ ടി ദിവസങ്ങളിൽ കുട്ടികളെ നോക്കാൻ ആരും ഇല്ലാത്ത അവസ്ഥയാണ്. ആയതിനാൽ പ്രസ്തുത ഉത്തരവ് ഭേദഗതി വരുത്തി തന്നെ തിരുവനന്തപുരം ജില്ലയിൽ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അപേക്ഷിച്ചിരുന്നു.

6. ശ്രീമതി. ഷീല ഫ്ലവർ.റ്റി.എം.ന്റെ അപേക്ഷയിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം നെടുമങ്ങാട് നഗരസഭയിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി ഷീല ഫ്ലവറിനെ അർബൻ ഡയറക്ടറുടെ 01.02.2023 തീയതിയിലെ ഉത്തരവ് പ്രകാരം സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി കോട്ടയം നഗരസഭയിലേക്ക് നിയമിച്ചിരുന്നതായും പ്രസ്തുത ഉത്തരവിൽ തന്നെ ടി ഉദ്യോഗക്കയറ്റ നിയമനം പൊതുസ്ഥലമാറ്റത്തിന് വിധേയമായി പുനപരിശോധിക്കുമെന്ന് വ്യക്തമാക്കിയിരുന്നതാണ്. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി പ്രകാരം ശ്രീ.സുനി സി യെ കോട്ടയം മുൻസിപ്പാലിറ്റിയിൽ നിലനിർത്തുന്നതിനായി ശ്രീമതി ഷീലാ ഫ്ളവറിനെ 26.04.2023 തീയതിയിലെ ഉത്തരവ് പ്രകാരം തിരുവനന്തപുരം കോർപ്പറേഷനിൽ നിയമിച്ചിരുന്നതായും എന്നാൽ പൊതുസ്ഥലംമാറ്റത്തിന് 31.03.2023 വരെയുള്ള സ്റ്റേഷൻ സീനിയോറിറ്റി മാത്രമാണ് പരിഗണിക്കുന്നതെന്നതിനാൽ തന്നെ തിരുവനന്തപുരത്തേക്കുള്ള സ്ഥലംമാറ്റം മൂലം ടിയാളുടെ അർഹതപ്പെട്ട സ്റ്റേഷൻ സീനിയോറിറ്റിയിലോ, ഔട്ട്സ്റ്റേഷൻ സീനിയോറിറ്റിയിലോ കുറവ് വരുത്തിയിട്ടില്ല. കോടതിവിധി നടപ്പിലാക്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷനിലേക്ക് സ്ഥലംമാറ്റിയ നടപടി തുടർന്നുള്ള പൊതുസ്ഥലംമാറ്റത്തെ ബാധിച്ചിട്ടില്ല. ഓൺലൈൻ വഴിയുള്ള 2023 ലെ പൊതുസ്ഥലംമാറ്റത്തിൽ ശ്രീമതി ഷീല ഫ്ലവർ തിരുവനന്തപുരം, കൊല്ലം ജില്ലകളിലേക്ക് അപേക്ഷിച്ചിരുന്നു. പൊതുസ്ഥലംമാറ്റ പരിഗണനക്കായി ടിയാന് 259 ദിവസത്തെ Out station seniority/station seniority മാത്രമാണ് ഉണ്ടായിരുന്നത്. തിരുവനന്തപുരം,കൊല്ലം ജില്ലകളിൽ മാത്രമാണ് ശ്രീമതി ഷീലാ ഫ്ലവർ ഓപ്ഷനുകൾ നൽകിയിരുന്നത്. ആലപ്പുഴ ജില്ലയിൽ ശ്രീമതി ഷീലാ ഫ്ലവർ ഓപ്ഷനുകൾ നൽകാതിരുന്നതിനാൽ ജൂനിയറായിട്ടുള്ളവർക്ക് ആലപ്പുഴയിലേക്ക് നിയമനം കിട്ടിയെന്ന വാദം നിലനിൽക്കുന്നതല്ല. പരാതിയിൽ പരാമർശിച്ചിരുന്ന ഷീലാ ഫ്ളവറിനേക്കാൾ ജൂനിയറായ ഷൈലേഷ് പി ക്ക് കോഴിക്കോട് മുൻസിപ്പാലിറ്റിയിൽ വർഷങ്ങളായി തുടരുന്നു എന്ന പരാതിയും പരിശോധിച്ചു. സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് തസ്തികയിൽ 01.02.2023 ലാണ് ടിയാന് സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളത്. ഒരേ തസ്തികയിൽ നിലവിലെ ഓഫീസിൽ 31.03.2023 ൽ 3 വർഷം പൂർത്തിയായവരെ മാത്രമാണ് നിർബന്ധിത സ്ഥലംമാറ്റത്തിന് വിധേയമാക്കിയിട്ടുള്ളത്. ജൂനിയർ കംപൽസറി ആയതിനാലാണ് പൂർണ്ണമായും ഓൺലൈൻ അധിഷ്ഠിത ട്രാൻസ്ഫറിലൂടെ ഒഴിവുള്ള കോഴിക്കോട് ജില്ലയിലെ മുക്കം മുൻസിപ്പാലിറ്റിയിലേക്ക് ശ്രീമതി ഷീലാ ഫ്ലവർ മാറ്റപ്പെട്ടതെന്ന വിവരവും പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുകയുണ്ടായി.

7. കൊല്ലം നഗരസഭയിൽ സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ആയി സേവനം അനുഷ്ഠിച്ച് വരുന്ന ശ്രീ.ഷാജൻ.എസ്-ന്റെ അപ്പീൽ അപേക്ഷ പ്രകാരം തിരുവനന്തപുരം സ്വദേശിയായാണന്നും, തിരുവനന്തപുരം ജില്ലയിലെ അന്തിമ

ലിസ്റ്റിൽ ട്രാൻസ്ഫർ അപേക്ഷ നൽകാത്ത തന്നെക്കാൾ ജൂനിയർ ആയ ഷൈനി പ്രസാദ്, തിരുവനന്തപുരം നഗരസഭയിലെ കരട് ലിസ്റ്റിൽപ്പെടാത്ത ശങ്കർമണി എന്നിവരെ തിരുവനന്തപുരം ജില്ലയിൽ നിയമിച്ചിരിക്കുന്നതായും കൂടാതെ തിരുവനന്തപുരം ജില്ലയിൽ വർഷങ്ങളായി ജോലി ചെയ്യുന്ന പലരെയും ടി ജില്ലയിൽ തന്നെ നഗരസഭ മാറ്റി നിയമിച്ചിരിക്കുന്നുവെന്നും എന്നാൽ തന്റെ ഫസ്റ്റ് ഓപ്ഷൻ ഉണ്ടായിട്ടും ജില്ലയ്ക്ക് പുറത്ത് സർവ്വീസ് ഉണ്ടായിട്ടും തിരുവനന്തപുരം ജില്ലയിൽ വക്കാതെ തന്റെ 12-ാമത്തെ ഓപ്ഷൻ ആയ കൊച്ചിൻ നഗരസഭയിൽ നിയമിച്ചിരിക്കുന്നതായി അറിയിക്കുന്നു. തന്റെ ജില്ലക്ക് പുറത്തുള്ള സർവ്വീസ് പരിഗണിച്ച് മാതാപിതാക്കളുടെ സംരക്ഷണത്തിനും ചികിത്സക്കുമായി തനിക്ക് ദിവസവും പോയിട്ടു വന്നു ജോലി ചെയ്യാൻ സാധിക്കുന്ന ഏതെങ്കിലും ഒരു സ്റ്റേഷനിൽ നിയമനം തരണമെന്ന് ശ്രീ. ഷാജൻ.എസ് അപേക്ഷിച്ചിരുന്നു.

8. ശ്രീ. ഷാജൻ.എസ്-ന്റെ അപേക്ഷയിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം നഗരസഭയിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ഷാജൻ എസ്-നെ അർബൻ ഡയറക്ടറുടെ 01.02.2023 തീയതിയിലെ ഉത്തരവ് പ്രകാരം സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി കൊല്ലം കോർപ്പറേഷനിലേക്ക് നിയമിച്ചിരുന്നതായും, പ്രസ്തുത ഉത്തരവിൽ തന്നെ ടി ഉദ്യോഗക്കയറ്റ നിയമനം പൊതുസ്ഥലംമാറ്റത്തിന് വിധേയമായി പുനപരിശോധിക്കുമെന്ന് വ്യക്തമാക്കിയിരുന്നതാണ് എന്നും അറിയിക്കുന്നു. ഓൺലൈൻ വഴിയുള്ള 2023 ലെ പൊതുസ്ഥലംമാറ്റത്തിൽ ശ്രീഷാജൻ തിരുവനന്തപുരം,കൊല്ലം, ആലപ്പുഴ,പത്തനംതിട്ട,കോട്ടയം,എറണാകുളം,തൃശ്ശൂർ എന്നി ജില്ലകൾ ഉൾപ്പെടെ 14 സ്ഥലങ്ങളിലേക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിരുന്നു. പൊതുസ്ഥലംമാറ്റ പരിഗണനക്കായി ടിയാൻ 59 ദിവസത്തെ Out station seniority/station seniority മാത്രമാണ് ഉള്ളത്.ടിയാൻ കംപാഷണേറ്റ് ഗ്രൗണ്ടിനായി അപേക്ഷിച്ചിരുന്നെങ്കിലും അപേക്ഷ നിരസിച്ചിരുന്നു.നിലവിലെ തസ്തികയിലെ സ്റ്റേഷൻ സീനിയോറിറ്റി മാത്രമേ സ്ഥലംമാറ്റത്തിന് പരിഗണിക്കുകയുള്ളു.ടിയാന്റെ നിലവിലെ സ്റ്റേഷനിൽ (കൊല്ലം കോർപ്പറേഷനിൽ ) സീനിയറായ ആളുകൾ അപേക്ഷിച്ചതിനാലും ജൂനിയർ കംപൽസറിയായതിനാലുമാണ് ടിയാൻ മാറ്റപ്പെട്ടത് എന്നും ടിയാന്റെ 12-ാമത്തെ ഓപ്ഷനായ എറണാകുളം ജില്ലയിലെ കൊച്ചി കോർപ്പറേഷനിലേക്ക് നിയമനം ലഭിച്ചിട്ടുള്ളതുമാണ് എന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുന്നു.

9. പ്രിൻസിപ്പൽ ഡയറക്ടറുടെ മേൽ റിപ്പോർട്ട് പ്രകാരം, ഇക്കാര്യം തദ്ദേശ സ്വയംഭരണ വകുപ്പിലെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച അപ്പീലുകൾ പരിശോധിക്കുന്നതിന് രൂപീകരിച്ച അപ്പീൽ കമ്മിറ്റിയുടെ 11.10.2023 തീയതിയിലെ യോഗത്തിൽ വിശദമായി പരിശോധിക്കുകയും കമ്മിറ്റി ചുവടേ ചേർക്കും പ്രകാരം തീരുമാനമെടുക്കുകയും ചെയ്തു.

(i) ശ്രീമതി.സുജ എസ്.വി.യുടെ ഓൺലൈൻ അപേക്ഷയിൽ ഫീഡർ തസ്തികയിലെ സീനിയോരിറ്റി നമ്പർ ഉൾപ്പെടെയുള്ള വിവരം രേഖപ്പെടുത്തിയില്ലായെന്നും പൂർണ്ണമായ വിവരങ്ങൾ നൽകാതിരുന്നതിനാലാണ് തിരുവനന്തപുരം ജില്ലയിലേയ്ക്ക് പരിഗണിക്കാതിരുന്നതെന്ന് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം കാണുന്നു. ആയതിനാൽ അപേക്ഷ പരിഗണിച്ച് തിരുവനന്തപുരം നഗരസഭയിൽ നിയമനം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിക്കുകയുണ്ടായി.

(ii) ശ്രീ.ഷാജൻ കൊല്ലം കോർപ്പറേഷനിൽ ജൂനിയർ കംപൽസറിയായതിനാലാണ് 12-ാമത്തെ ഓപ്ഷനായ കൊച്ചി കോർപ്പറേഷനിൽ നിയമനം ലഭിച്ചത് എന്ന പ്രിൻസിപ്പൽ

ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയത് കമ്മിറ്റി നിരസിക്കുകയുണ്ടായി.

(iii) ശ്രീമതി.ഷീല ഫ്ലവർ തിരുവനന്തപുരം കോർപ്പറേഷനിൽ ജൂനിയർ കംപൽസറിയായതിനാലാണ് കോഴിക്കോട് ജില്ലയിലെ മുക്കം നഗരസഭയിലേക്ക് മാറ്റിയതെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ടിയാളുടെ അപേക്ഷയിലെ അനുകമ്പാർഹമായ സാഹചര്യങ്ങൾ പരിഗണിച്ച് കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിലേതെങ്കിലും അനുയോജ്യമായ സ്ഥലംമാറ്റം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതിന് കമ്മിറ്റി തീരുമാനിക്കുകയുണ്ടായി.

10. മേൽ സാഹചര്യത്തിൽ ശ്രീമതി സുജ.വി.എസ്.,ന്റെ അപേക്ഷ പരിഗണിച്ച് ടിയാൾക്ക് തിരുവനന്തപുരം നഗരസഭയിൽ നിയമനം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും, ശ്രീമതി.ഷീല ഫ്ലവർ.റ്റി.എം.ന്റെ അപേക്ഷയിലെ അനുകമ്പാർഹമായ സാഹചര്യങ്ങൾ പരിഗണിച്ച് കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിലേതെങ്കിലും ടിയാൾക്ക് അനുയോജ്യമായ സ്ഥലംമാറ്റം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും, ശ്രീ.ഷാജൻ.എസ്. സമർപ്പിച്ച അപ്പീൽ പരിഗണനാർഹമല്ലെന്ന് കണ്ട് നിരസിച്ചുകൊണ്ടും പരാമർശം 2,3,4പ്രകാരമുള്ള അപ്പീലുകൾ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി സുജ.വി.എസ്., സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2, കോട്ടയം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീമതി.ഷീല ഫ്ലവർ.റ്റി.എം., സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 , തിരുവനന്തപുരം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ.ഷാജൻ.എസ്., സീനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2, കൊല്ലം നഗരസഭ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 03-11-2023 14:02:43
സെക്ഷൻ ഓഫീസർ